(ബി) പി. ടി. എ. കളുടെ പ്രവർത്തനം ഏതെങ്കിലും നിയമങ്ങൾക്ക് വിധേയമായിട്ടാണോ എന്നും പി. ടി. എ. കളുടെ മേൽ നിയന്ത്രണങ്ങൾ ഉണ്ടോ എന്നും വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലെ പി. ടി. എ. കളുടെ നിർബന്ധ പിരിവുകളെപ്പറ്റിയുള്ള വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പി. ടി. എ. കളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പി. ടി. എ. കളുടെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 1969 മാർച്ച് 31-ലെ ജി. ഒ.(പി) 138/69/പൊ.വി.വ. ഉത്തരവിന് വിധേയമായിട്ടാണ് പി. ടി. എ. കൾ പ്രവർത്തിക്കുന്നത്. പി. ടി. എ. കളെ നിയമംമൂലം നിയന്ത്രിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള 26-9-1995-ലെ സർക്കുലർ നമ്പർ എച്ച്1/97941/94/അനുസരിച്ച് ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

(ഇ) കക്ഷി രാഷ്ട്രീയത്തിനതീതമായി സമൂഹത്തിലെ പ്രതിബദ്ധതയുള്ള വിഭാഗത്തിന് മുൻഗണന നൽകികൊണ്ട് പി. ടി. എ. കൾ രൂപീകരിച്ചാൽ മാത്രമേ പി. ടി. എ. കളുടെ പ്രവർത്തനം ക്രിയാത്മകമായി തീരുകയുള്ളു. വളരെ ആഴത്തിലുള്ള പഠനങ്ങൾക്ക് ശേഷം മാത്രമേ ഇതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ കഴിയുകയുള്ളു.

ഹൈസ്കൂൾതലത്തിലും സെക്കണ്ടറി, ഹയർ സെക്കണ്ടറി തലത്തിലും ഫീസ് വർദ്ധിപ്പിക്കാനുള്ള തീരുമാനം

101 (699) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂൾ തലത്തിലും സെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലയിലും വിദ്യാർത്ഥികൾ കൊടുക്കുന്ന ഫീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം, വർദ്ധനവ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഫീസ് നൽകുന്നതിൽ നിന്ന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ഗവൺമെന്റ് ഒഴിവാക്കുമോ ?

ഉത്തരം

(എ) ഹൈസ്കൂൾ തലത്തിൽ ഫീസ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. സംസ്ഥാനത്തെ ഹയർ സെക്കന്ററി മേഖലയിലെ പരീക്ഷാ ഫീസും അതിനോടനുബന്ധിച്ച മറ്റു ഫീസ് നിരക്കുകളും വർദ്ധിപ്പിച്ചുകൊണ്ട് 12-5-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 109/03/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിഗണനയിലില്ല.

സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ നിലവിലുള്ള സെക്കന്ററി/ഹയർ സെക്കന്ററി സ്ഥാപനങ്ങൾ

102 (700) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് ഇതര മേഖലകളിൽ എത്ര സെക്കന്ററി, ഹയർ സെക്കന്ററി സ്ഥാപനങ്ങളുണ്ട് ;

(ബി) ഇവയിലെല്ലാം കൂടി എത്ര കുട്ടികൾ പഠിക്കുന്നുണ്ട് ; മൊത്തം എത്ര അദ്ധ്യാപകർ ഈ രംഗത്ത് പഠിപ്പിക്കുന്നുണ്ട് ; ഇവയിലോരോന്നിലും ഓരോ കുട്ടിയും കൊടുക്കേണ്ട ഫീസ് എത്രയാണ് ;

(സി) അൺ എയ്ഡഡ് മേഖലയിലെ ഫീസ് ഏകീകരണത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) അൺ എയ്ഡഡ് മേഖലയിലെല്ലാം കൂടി എത്ര അദ്ധ്യാപകരുണ്ട് ;

(ഇ) ഈ മേഖലയിലെ അദ്ധ്യാപകരുടെ വേതനം എത്രയാണ് ; അദ്ധ്യാപകേതര ജീവനക്കാരുടെ വേതനം എത്രയാണ് ;

(എഫ്) ഈ മേഖലയിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ വേതനം ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെക്കന്ററി മേഖല

ഗവൺമെന്റ്	984
എയ്ഡഡ്	1415
അൺ എയ്ഡഡ്	217

LIBRARY ARCHIVES Kerala Legislative Assembly